# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ - 284 08.02.2016-ൽ മറുപടിയ്ക്ക്

### ഓപ്പറേഷൻ കുബേര

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് 11.05.2014 മുതൽ ബ്ലേഡ് മാഫിയക്കെതിരെ 'ഓപ്പറേഷൻ കുബേര' പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) | അമിത പലിശ ഈടാക്കുന്ന വ്യക്തികളെയും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളേയും നിയന്ത്രിക്കുക, അമിത പലിശയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തടയുക, അമിത പലിശ ഈടാക്കുന്നവരുടെ ചൂഷണത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുക തുടങ്ങിയ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് 'ഓപ്പറേഷൻ കുബേര' നടപ്പിലാക്കി വരുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) | പോലീസ് ജില്ലകളിൽ ഒരു ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ 'ഓപ്പറേഷൻ കുബേര' പദ്ധതി നടപ്പിലാക്കി വരുന്നു. പൗരന്മാർ, പൊതു പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷനുകൾ, ജനമൈത്രി, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. പരാതിയുടേയും, അന്വേഷണങ്ങളുടേയും അടിസ്ഥാനത്തിൽ ശക്തമായി നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ